## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3524 — 20.06.2018 ൽ മറുപടിയ്ക്ക്

# ഇരിണാവ് കോസ്റ്റ് ഗാർഡ് അക്കാദമി

ചോദ്യം
**ശ്രീ.റ്റി.വി.രാജേഷ്**

മറുപടി
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | തീരദേശസംരക്ഷണത്തിനു വേണ്ടി കേന്ദ്ര സർക്കാർ കണ്ണൂർ ജില്ലയിലെ ഇരിണാവിൽ അനുവദിച്ച കോസ്റ്റ് ഗാർഡ് അക്കാദമിയുടെ നിർമ്മാണത്തിനും അക്കാദമി അവിടെ ത്തന്നെ നിലനിർത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | കോസ്റ്റ് ഗാർഡ് അക്കാഡമിക്കായി 164 ഏക്കർ സ്ഥലം കൈമാറുകയും ഏകദേശം 65.56 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട അക്കാദമി അഴീക്കലിൽ നിന്നും മാറ്റുന്നതിനുള്ള നീക്കം ശ്രദ്ധയിൽ പെട്ടതിനെതുടർന്ന് അത്തരം ഒരു നീക്കം ഉപേക്ഷിക്കണ മെന്നും തന്ത്ര പ്രധാനമായ ഈ സ്ഥലത്തു തന്നെ കോസ്റ്റ് ഗാർഡ് അക്കാദമി പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് 06/01/2018 ൽ പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രി കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | അക്കാദമി അവിടെ നിന്ന് മാറ്റുന്നത് സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | അക്കാദമിക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ് ലഭിച്ചിട്ടില്ല. അക്കാദമിക്കായി കേരളം ഉൾപ്പെടെയുള്ള തീരദേശ സംസ്ഥാനങ്ങളിൽ അനു യോജ്യമായ മറ്റ് സ്ഥലങ്ങൾ അന്വേഷി ക്കുകയാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ